**പതിനഞ്ചാം കേരള നിയമസഭ**

ഏഴാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2022 ഡിസംബർ 07, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

8 (*61) നീരുറവ് പദ്ധതി

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) നൽകിയ മറുപടിയിൽ, മണ്ണ്, ജലം, ജൈവസമ്പത്ത് എന്നിവയുടെ സംരക്ഷണത്തിനും പരിസ്ഥിതി പുനഃസ്ഥാപനത്തിനും കാലാവസ്ഥാമാറ്റംമൂലമുണ്ടാകുന്ന ദുരന്ത ലഘൂകരണത്തിനുമായി മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ഹരിതകേരളം മിഷൻ, ജലവിഭവം, മണ്ണ് സംരക്ഷണം, കൃഷി തുടങ്ങിയ വകുപ്പുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംയുക്തമായി 'നീരുറവ്' പദ്ധതി നടപ്പിലാക്കുന്നതായും കണ്ണൂർ ജില്ലയിലെ പേരാവൂർ ബ്ലോക്ക് പഞ്ചായത്തിൽ ഇതിന്റെ ഭാഗമായി നീർത്തട പ്ലാനുകൾ

തയ്യാറാക്കിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. പുഴകളും നദികളും മാലിന്യ മുക്തമാക്കുന്നതിനും ജലഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും വിവിധ തലങ്ങളിൽ ഇടപെടലുകൾ നടത്തിവരുന്നുണ്ടെന്നും നദികളിലെ ജലമൊഴുക്ക് സുഗമമാക്കുന്നതിന് 'തെളിനീരൊഴുകും കേരളം' പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്നും 'ഇനി ഞാനൊഴുകട്ടെ' പദ്ധതിയുടെ ഭാഗമായി 10,126 കിലോമീറ്റർ നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചിട്ടുണ്ടെന്നും പശ്ചിമഘട്ട പ്രദേശത്തെ നീർച്ചാൽ ശൃംഖലകൾ വീണ്ടെടുക്കുന്നതിനായി 'മാപ്പത്തോൺ' പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ജലസ്രോതസ്സുകൾ മലിനപ്പെടുത്തുന്നവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതോടൊപ്പം ജല സ്രോതസ്സുകളുടെ സമീപം മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുകയും ബോധവത്കരണം നൽകുകയും ചെയ്തുവരുന്നു. ക്വാളിറ്റി കൺട്രോൾ വിഭാഗം ജല സാമ്പിളുകൾ ശേഖരിച്ച് ജലഗുണനിലവാര പരിശോധന ഉറപ്പുവരുത്തുകയും പരിശോധനാ ലാബുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമീണ മേഖലകളിലെ ജലഗുണനിലവാര പരിശോധനകൾക്കായി ഹയർ സെക്കന്ററി സ്കൂളുകളിലെ ലാബുകളിൽ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും പരിശീലനം നൽകുന്നതോടൊപ്പം ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രാഥമിക ജലഗുണനിലവാര നിർണ്ണയ ലാബുകൾ സജ്ജമാക്കിയിട്ടുണ്ടെന്നും ഗ്രാമീണ

മലയോര മേഖലകളിൽ സഞ്ചരിക്കുന്ന ജല ഗുണനിലവാര ലാബുകൾ സജ്ജമാക്കുന്നതാണെന്നും അറിയിച്ചു. ആർ.ഒ. പ്ലാന്റുകൾ സജ്ജമാക്കാത്ത കുടിവെള്ള പദ്ധതികൾ ജൽജീവൻ മിഷനുമായി ലയിപ്പിക്കേണ്ടതാണെന്നും ജൽജീവൻ മിഷൻ യാഥാർത്ഥ്യമാകുമ്പോൾ പദ്ധതിയുടെ പരിപാലനവുമായി ബന്ധപ്പെട്ട് വാട്ടർ അതോറിറ്റിയുടെ അടിസ്ഥാന സൗകര്യവും ജീവനക്കാരുടെ എണ്ണവും വർദ്ധിപ്പിക്കേണ്ടിവരുമെന്നും നിയോജകമണ്ഡലാടിസ്ഥാനത്തിൽ മെയിന്റനൻസ് വിംഗിന്റെ പ്രവർത്തനം രൂപപ്പെടുത്തേണ്ടതുണ്ടെന്നും നഗരപ്രദേശങ്ങളിലെ ഡ്രെയിനേജ് മാലിന്യങ്ങൾ ജലാശയങ്ങളിലേയ്ക്ക് ഒഴുക്കിവിടുന്നത് തടയാൻ ജനകീയസമിതികൾ രൂപീകരിച്ച് സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതോടൊപ്പം ജനങ്ങൾക്ക് അവബോധം നൽകുന്നതാണെന്നും അച്ചൻകോവിൽ, മണിമലയാർ, പമ്പ നദികളുടെ സംരക്ഷണത്തിനുള്ള പദ്ധതികൾ ആരംഭിച്ചിട്ടുണ്ടെന്നും ശബരിമലയിലും പമ്പയിലും പരിസരത്തും ശുദ്ധജലവിതരണം സാദ്ധ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

9 (*62) <u>തെരുവുനായ്ക്കളുടെ വന്ധ്യംകരണവും പ്രതിരോധ കുത്തിവയ്പും</u>

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (<u>ശ്രീമതി ജെ. ചിഞ്ചുറാണി</u>) നൽകിയ മറുപടിയിൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ

മുഖേന അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം നടപ്പിലാക്കുന്നതിനായി പ്രോജക്ടുകൾ രൂപീകരിച്ചുവരുന്നതായും സംസ്ഥാനത്ത് 18 കേന്ദ്രങ്ങളിൽ 2022 ഏപ്രിൽ മുതൽ നാളിതുവരെ 9001 എ.ബി.സി. നടത്തിയിട്ടുണ്ടെന്നും 37 എ.ബി.സി. കേന്ദ്രങ്ങൾ ആരംഭിക്കുമെന്നും നഗരസഭ, ഗ്രാമപഞ്ചായത്ത് എന്നിവ മുഖേന വന്ധ്യംകരണ നടപടികൾ നടന്നുവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. തെരുവുനായ്ക്കളുടെ വന്ധ്യംകരണവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചുവരുന്ന ജീവനക്കാർക്ക് പ്രതിരോധ വാക്സിൻ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പേവിഷബാധ നിർമ്മാർജനത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മൃഗസംരക്ഷണ വകുപ്പും സംയുക്തമായി പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെന്നും റാബീസ് ഫ്രീ കേരള പദ്ധതിയുടെ ഭാഗമായി വാക്സിൻ സംഭരണം നടന്നുവരുന്നുണ്ടെന്നും സെപ്തംബർ 20 മുതൽ നാളിതുവരെ 11651 തെരുവുനായ്ക്കൾക്ക് പ്രതിരോധ കുത്തിവയ്പ്പ് നൽകിയിട്ടുണ്ടെന്നും നിലവിൽ സംസ്ഥാനത്ത് പേവിഷ പ്രതിരോധ വാക്സിന്റെ ദൗർലഭ്യമില്ലെന്നും മന്ത്രി വ്യക്തമാക്കി. 2022 - 23 വർഷം 10,06,960 ഡോസ് വാക്സിൻ സംഭരിച്ചതിൽ 4,72,608 ഡോസ് വാക്സിൻ മൃഗാശുപത്രികൾ മുഖാന്തരം വിതരണം ചെയ്തിട്ടുണ്ട്. പ്രതിരോധ കുത്തിവയ്പെടുക്കുന്ന വളർത്തുനായ്ക്കൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ലൈസൻസ് അനുവദിക്കുന്നതാണ്. സാമാജികരുടെ

സഹകരണത്തോടെ മലപ്പുറം ജില്ലയിലുൾപ്പെടെ കൂടുതൽ എ.ബി.സി. കേന്ദ്രങ്ങൾ ആരംഭിക്കുന്നതാണെന്നും സെൻട്രൽ ഡ്രഗ് ലബോറട്ടറിയിൽ നടത്തിയ പരിശോധനയിൽ പേവിഷബാധയ്ക്കെതിരായ വാക്സിന് ഗുണനിലവാരമുണ്ടെന്ന് ബോധ്യപ്പെട്ടിട്ടുണ്ടെന്നും ജില്ലാ കേന്ദ്രങ്ങളിൽ വന്ധ്യംകരണത്തിനുള്ള സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടെന്നും കോടതി ഉത്തരവ് ലഭിക്കുന്നമുറയ്ക്ക് കുടുംബശ്രീ യൂണിറ്റുകൾ വഴി വന്ധ്യംകരണ നടപടികൾ ഫലപ്രദമായി നടപ്പാക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

10 (*63) <u>വന്യജീവി ആക്രമണത്തിന് ഇരയാകുന്ന പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വനം വകുപ്പ് ഏർപ്പെടുത്തുന്ന ഇൻഷ്വറൻസ്</u>

വനം-വന്യജീവി വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>) നൽകിയ മറുപടിയിൽ, വന്യജീവി ആക്രമണത്തിന് ഇരയാകുന്ന പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിരുന്നുവെന്നും പ്രസ്തുത ഇൻഷ്വറൻസിന്റെ കാലാവധി അവസാനിച്ചിട്ടുള്ളതിനാൽ ഗുണഭോക്താക്കൾക്ക് കൂടുതൽ ഗുണപ്രദമാകുംവിധം ടി ഇൻഷ്വറൻസ് പദ്ധതി വിപുലീകരിച്ച് പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണെന്നും സഭയെ അറിയിച്ചു. വന്യജീവി ആക്രമണത്തിന് വിധേയരാകുന്നവർക്കുള്ള നഷ്ടപരിഹാരം

കുടിശ്ശികയുൾപ്പെടെ സമയബന്ധിതമായി കൊടുത്തുതീർക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ചിപ്പ് ഘടിപ്പിച്ചും വന്യജീവികളുടെ സഞ്ചാരപഥം മനസ്സിലാക്കിയും ഭൂപ്രകൃതിക്കനുസൃതമായും വന്യജീവി ആക്രമണം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വനത്തിനുള്ളിൽ ജലലഭ്യത ഉറപ്പുവരുത്തിയും വന്യജീവികൾക്ക് പ്രയോജനകരമായ ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിച്ചും ഫെൻസിംഗുകൾ സ്ഥാപിച്ചും വന്യമൃഗങ്ങൾ പുറത്തുവരുന്നത് തടയുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും കേന്ദ്രസർക്കാരിനും സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിനും സമർപ്പിച്ചിട്ടുള്ള 650 കോടിയോളം രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഫെൻസിംഗ് നിർമ്മാണ പദ്ധതിരേഖയ്ക്ക് അംഗീകാരം ലഭിച്ചാൽ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും വന്യമൃഗങ്ങളെ ആകർഷിക്കാത്തവിധത്തിലുള്ള കൃഷി രീതികൾ വനാതിർത്തികളിൽ നടത്തുന്നതിന് ജനങ്ങൾക്ക് അവബോധം നൽകുന്നതാണെന്നും കലഞ്ഞൂർ പഞ്ചായത്തിലുൾപ്പെടെ നാട്ടിലേയ്ക്കിറങ്ങിയ പുലിയെ പിടികൂടുന്നതിന് അനുമതി ആവശ്യമില്ലെന്ന നിർദ്ദേശം വനപാലകർക്ക് നൽകിയിട്ടുണ്ടെന്നും ആറളം ഫാമിൽ ആനപ്രതിരോധ മതിൽ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

11 (*64) <u>ക്ഷീര കർഷകർക്ക് ഇൻസെന്റീവ്</u>

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (<u>ശ്രീമതി ജെ. ചിഞ്ചുറാണി</u>) നൽകിയ മറുപടിയിൽ, 2022 ജൂലൈ മാസം മുതൽ വർഷം മുഴുവനും ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് ഓരോ ലിറ്റർ പാലിനും നാലുരൂപ ഇൻസെന്റീവ് നൽകുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടെന്നും ജൂലൈ മാസത്തെ പാൽ അളവിന് ആഗസ്റ്റ് മാസത്തിൽ രണ്ടുലക്ഷത്തോളം വരുന്ന ക്ഷീരകർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് 23.44 കോടി രൂപ ക്ഷീരശ്രീ പോർട്ടൽ വഴി എത്തിച്ചിട്ടുണ്ടെന്നും 28 കോടിരൂപ ക്ഷീരവികസന വകുപ്പ് ഇതിനായി മാറ്റിവച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ ഏപ്രിൽ മാസം മുതൽ ഇൻസെന്റീവ് നൽകുന്നുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഒരു വർഷം മുഴുവനും ഇൻസെന്റീവ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. “ മിൽക്ക് ഇൻസെന്റീവ്“ പദ്ധതിക്ക് 130 കോടിയോളം രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വകയിരുത്തിയിട്ടുണ്ടെന്നും അളക്കുന്ന പാലിന് തൊട്ടടുത്ത മാസം സബ്സിഡി നൽകുന്ന രീതി സ്വീകരിക്കാൻ പഞ്ചായത്ത്/നഗരകാര്യ ഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഡിസംബർ വരെയുള്ള ഇൻസെന്റീവ് ക്ഷീരകർഷകർക്ക് നൽകുമെന്നും ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.